# കേരള സർക്കാർ
# മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം

---

നം. കെ3/2000(1)/2017/മെ.വി.കാ. തീയതി: 24/06/2017

## പരിപത്രം

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 2017 വർഷത്തെ പൊതു - സ്ഥലംമാറ്റം - അന്തിമ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: 1) ഈ ഓഫീസിലെ 28.04017ലേയും 31.05.17ലേയും 05.06.2017 ലേയും ഇതേ നമ്പർ വിജ്ഞാപനം.
2) സ.ഉ.(സാധാ)നം.1424/17/ആ.കു.വ. തീയതി 19.5.17.
3) സ.ഉ.(സാധാ)നം.1551/17/ആ.കു.വ. തീയതി 31.5.17.

i) 21.06.17 നു ശേഷം പ്രസിദ്ധീകരിച്ച കരട് സ്ഥലംമാറ്റ പട്ടികകളെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉള്ളവർ 27.06.17 ന് വൈകിട്ട് 5 മണിക്ക് മുൻപ് അതാത് ഡി.ഡി.ഒ (ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ) ക്ക് സമർപ്പിക്കേണ്ടതാണ്.

ii) ലഭിക്കുന്ന പരാതികൾ അതാത് ഡി.ഡി.ഒ പരിശോധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ പരാതിയുടെ വിവരങ്ങളും പരാതി സംബന്ധിച്ച് ഡി.ഡി.ഒ യുടെ വ്യക്തമായ അഭിപ്രായവും രേഖപ്പെടുത്തി അതാത് ജില്ലാ അധികാരിയായ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് 27.06.17 ന് വൈകിട്ട് 5 മണിക്ക് മുൻപ് ഇ-മെയിൽ മുഖേന അയച്ചു കൊടുക്കേണ്ടതാണ്. പരാതിയുടെ അസ്സൽ ഡി.ഡി.ഒ ഓഫീസർ സൂക്ഷിക്കേണ്ടതും ജില്ലാതല/സംസ്ഥാനതല ഓഫീസിൽ നിന്നും ആവശ്യപ്പെടുന്നപക്ഷം ഇ-മെയിൽ മുഖേന അയച്ചു തരേണ്ടതുമാണ്.

iii) ഡി.ഡി.ഒ ഓഫീസിൽ നിന്നും പ്രൊഫോർമയിൽ രേഖപ്പെടുത്തി നൽകിയിട്ടുള്ള പരാതികളും സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ (ജില്ലാതല ഓഫീസ് (ഡി.എൽ.ഒ)) ഓഫീസിന്റെ കീഴിലെ ജീവനക്കാർ നൽകുന്ന പരാതികളും പരിശോധിച്ച് പ്രിൻസിപ്പാൾ (ഡി.എൽ.ഒ)ന്റെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി ക്രോഡീകരിച്ച പ്രൊഫോർമ "sraodmetvpm@gmail.com" എന്ന ഇ-മെയിൽ വിലാസത്തിൽ 28.06.17 ന് വൈകിട്ട് 5 മണിക്ക് മുൻപ് ഈ കാര്യാലയത്തിലേയ്ക്ക് ഇ-മെയിൽ മുഖേന അയച്ചു തരേണ്ടതാണ്.

iv) ഓരോ തസ്തികയുടേയും എസ്റ്റാബ്ലിഷ്മെന്റ് കൈകാര്യം ചെയ്യുന്നത് വിവിധ സെക്ഷനുകളിൽ ആയതിനാൽ ഓരോ തസ്തികയ്ക്കും വെവ്വേറെ പ്രൊഫോർമ ഉള്ളടക്കം ചെയ്യേണ്ടതാണ്.

v) മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള തീയതി കഴിഞ്ഞും ഡി.ഡി.ഒ/ഡി.എൽ.ഒ മുഖേനയല്ലാത്തതും, ഡി.ഡി.ഒ യുടേയും ഡി.എൽ.ഒ യുടേയും വ്യക്തമായ അഭിപ്രായം രേഖപ്പെടുത്താത്തതുമായ പരാതികൾ പരിഗണിക്കുന്നതല്ല.

ഒപ്പ്/-
ഡോ.റംലബീവി.എ
ഡയറക്ടർ

0823285

സ്വീകർത്താവ് :

1. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ കോട്ടയം/ആലപ്പുഴ/തൃശ്ശൂർ/കോഴിക്കോട്/മഞ്ചേരി/ഇടുക്കി/കോന്നി/ ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/ എറണാകുളം.
2. പ്രിൻസിപ്പാൾ, സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം/ കോട്ടയം/ ആലപ്പുഴ/ തൃശ്ശൂർ/കോഴിക്കോട്.
3. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ കോട്ടയം/ആലപ്പുഴ/തൃശ്ശൂർ/കോഴിക്കോട്/എറണാകുളം.
4. ജൂനിയർ സൂപ്രണ്ട്, ഇ/എഫ്/ജി/എച്ച്/ജെ വിഭാഗം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം.
5. വെബ്സൈറ്റ്/നോട്ടീസ് ബോർഡ്
6. ഫയൽ/കരുതൽഫയൽ/റെക്കോർഡ്സ് വിഭാഗം

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

STK

0823287